(ഡി) എങ്കിൽ ഈ കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ 16.11.95 - ലെ 3516/ബി3/95/ഭ.സി.സ.വ. സർക്കുലറിലെ മാനദണ്ഡപ്രകാരമാണ് റേഷൻ കടകൾ അനുവദിക്കുന്നത്. (കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) കാർഡുടമകളുടെ സൗകര്യവും പരിഗണിക്കുന്നുണ്ട്.

(സി) പുതുപ്പള്ളി പഞ്ചായത്തിൽ 6-ാം വാർഡിൽ ഒരു പുതിയ റേഷൻകട ആരംഭിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ട്.

(ഡി) പുതുപ്പള്ളി പഞ്ചായത്തിൽ 6-ാം വാർഡിൽ പുതിയ റേഷൻകട അനുവദിച്ചാൽ ഏകദേശം 240 റേഷൻ കാർഡുകൾ മാത്രമേ ലഭിക്കുവാൻ സാധ്യതയുള്ളുവെന്നതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണിക്കാൻ നിർവാഹമില്ല.

റേഷൻ പഞ്ചസാരയ്ക്കുള്ള സബ്സിഡി

106 (817) ശ്രീ. പി. രാഘവൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭിച്ചുവരുന്ന റേഷൻ പഞ്ചസാരയ്ക്കുള്ള സബ്സിഡി കേന്ദ്രം നിർത്തിവയ്ക്കാനുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സബ്സിഡി നിർത്തിവയ്ക്കാനുള്ള നീക്കത്തിനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മഹാജൻ കമ്മിറ്റി, ലെവി പഞ്ചസാര നിർത്തലാക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) സബ്സിഡി നിർത്താലാക്കിയാലുണ്ടാകുന്ന ദോഷവശങ്ങളെക്കുറിച്ച് കേന്ദ്രത്തെ ധരിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഇപ്പോഴുള്ള പ്രകാരം പഞ്ചസാര വിതരണം നിലനിർത്തണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. എം.പി. മാരെയും വിവരം ധരിപ്പിച്ചിട്ടുണ്ട്.

റംസാൻ പ്രമാണിച്ച് കൂടുതൽ അരി വിതരണം

107 (818)ശ്രീ നാലകത്ത് സൂപ്പി :

ശ്രീ. എം.കെ. മുനീർ :

ശ്രീ ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റംസാൻ പ്രമാണിച്ച് സംസ്ഥാനത്ത് റേഷൻ കടകൾവഴി 25 കിലോ പച്ചരി വിതരണം ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇപ്രകാരം വിതരണം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly